തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

**കോവിഡ്-19**

# നഗരത്തിലെ പുതിയ 9 കണ്ടയിൻമെന്റ് സോണുകൾ അടച്ചു.

## സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കടകൾ പൂട്ടിക്കും

## വിലക്ക് ലംഘനം: 19 പേർക്കെതിരെ കേസ്.

## 11,600/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നഗരത്തിൽ പുതുതായി കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച 9 സ്ഥലങ്ങൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേ സമയം കോവിഡ് രോഗവ്യാപനം ദിനം പ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. കൂടാതെ കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (29-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 19 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 56 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 11,600/-രൂപ പിഴ ഈടാക്കുകയും ചെയ്തു.

**പുതിയ കണ്ടയിൻമെന്റ് സോണുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.**

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ വാർഡുകളായ തൃക്കണ്ണാപുരം, പുന്നയ്ക്കാമുഗൾ, തിരുമല, മുല്ലൂർ

(നെല്ലിക്കുന്ന് പ്രദേശം) അമ്പലത്തറ, കമലേശ്വരം, കളിപ്പാൻ കുളം, ശ്രീവരാഹം, പാങ്ങോട് എന്നീ പ്രദേശങ്ങളിലേയ്ക്ക് കടന്നു വരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിത സമയക്രമവും കർശന സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

## വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് പരിശോധന ശക്തമാക്കും, മാനദണ്ഡങ്ങൾ പാലിക്കാത്ത കടകൾ അടപ്പിക്കും

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, കൂടുതൽ ഇളവുകൾ അനുവദിക്കപ്പെട്ട സാഹചര്യത്തിലും പല വ്യാപാര സ്ഥാപനങ്ങളിലും കോവിഡ് ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ പോലീസ് പരിശോധന കർശനമാക്കും. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കോവിഡ് പ്രോട്ടോക്കോൾ കൃത്യമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം കണക്കാക്കി ഉൾക്കൊള്ളാൻ കഴിയുന്ന എണ്ണം ആൾക്കാരെ മാത്രമേ പ്രവേശിപ്പിക്കാൻ പാടുള്ളൂ. കുറഞ്ഞത് ഒരു മീറ്റർ അകലം മാർക്ക് ചെയ്ത് വൃത്തം വരയ്ക്കണം. ജീവനക്കാർ നിർബന്ധമായും മാസ്ക്ക് ധരിക്കണം. ഉപഭോക്താക്കളെ കൂട്ടം കൂടാതെ നിയന്ത്രിക്കേണ്ടതും കൈകൾ വൃത്തിയാക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും കടയുടമയുടെ ബാധ്യതയാണ്. ഷോപ്പിംഗ് മാളുകളിലും സൂപ്പർ മാർക്കറ്റുകളിലും,

പൊതു മാർക്കറ്റുകളിലും പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കേണ്ടതാണ്. പോലീസ് പരിശോധനങ്ങളിൽ രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന വ്യാപാരസ്ഥാപനങ്ങൾ മുന്നറിയിപ്പില്ലാതെ അടച്ച് പൂട്ടിക്കുന്നതിനുള്ള നടപടി കർശനമായി നടപ്പിലാക്കുമെന്ന് കമ്മീഷണർ അറിയിച്ചു. അതോടൊപ്പം കടകൾ, മറ്റു പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സാമൂഹിക അകലം പാലിക്കാത്തതോ, നിയന്ത്രിത എണ്ണത്തിൽ കൂടുതൽ ആളുകൾ ഒത്തുകൂടുന്നതോ ശ്രദ്ധയിൽ പെട്ടാൽ പൊതുജനങ്ങൾ പോലീസ് കൺട്രോൾ റൂം നമ്പർ 112 ൽ ബന്ധപ്പെട്ട് അറിയിക്കണമെന്നും കമ്മീഷണർ അറിയിച്ചു.

## കോവിഡ്-19 സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (29-09-2020) പോലീസ് നടത്തിയ പരിശോധനയിൽ രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 19 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 56 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 11,600/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 3 വാഹനങ്ങൾക്കെതിരെയും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 5 കടകൾക്കുമെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി

ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

29-09-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

29/09/20

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE * THIRUVANANTHAPURAM CITY *
Government of Kerala